## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1096 — 12.06.2014 -ലെ മറുപടിയ്ക്ക്

### മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റ് നിയമനം

<u>ചോദ്യം</u>
ശ്രീ. വി. ശശി

<u>ഉത്തരം</u>
ശ്രീ. പി.കെ. അബ്ദു റബ്ബ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ അസിസ്റ്റന്റുമാരുടെ നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഇല്ലെങ്കിൽ മുൻ റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എ) & (ബി) | നിലവിലില്ല. 12.11.2009 ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി 2 വർഷമായിരുന്നതിനാൽ 11.11.2011 ൽ അവസാനിക്കേണ്ടതായിരുന്നു എന്നാൽ തുടർന്ന് ഒരു വർഷത്തേയ്ക്ക് കൂടി പ്രസ്തുത ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിച്ചുവഴി 11.11.2012 ൽ കാലാവധി അവസാനിച്ചു. |
| (ബി) | ഈ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നതെന്നും ഏതെല്ലാം കാലയളവുകളിലേയ്ക്ക് പ്രസ്തുത ലിസ്റ്റിന്റെ കാലാവധി നീട്ടിനൽകിയെന്നും വ്യക്തമാക്കുമോ; | | |
| (സി) | താൽക്കാലികാടിസ്ഥാനത്തിൽ ഈ തസ്തികയിൽ എത്രപേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | 130 പേരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം 179 ദിവസത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുണ്ട്. |
| (ഡി) | ഈ താൽകാലിക നിയമനങ്ങളിൽ സംവരണം പാലിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്. കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ പിൻതുടരുന്ന സംവരണ തത്വം പാലിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ